# പിറവിയുടെ നൊമ്പരങ്ങൾ



E.V.P.
plsvarkey@yahoo.co.in



2012-ലെ തിരുപിറവിയുടെ അനുസ്മരണവേളയിൽ ഒരു കലണ്ടർ വിവാദത്തിലേക്ക് വത്തിക്കാൻ നമ്മെ കൂട്ടികൊണ്ടുപോകുന്നു. വിവാദവിഷയങ്ങൾ ഗൗരവമായി ചർച്ച ചെയ്യപ്പെടുന്ന കാലമാണിത്. ആദിയിൽ, ആദ്യമേ ഉണ്ടായിരുന്നവന്റെ ജനനതീയതി അന്വേഷിക്കുമ്പോൾ (മീഖ 5:2) നിങ്ങൾ താഴെ നിന്നുള്ളവർ (സെന്റ് ജോൺ 8:23) ഞാൻ സ്വർഗ്ഗത്തിൽ നിന്ന് വന്നത് എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്യാൻ (സെന്റ് ജോൺ 6:38). അപ്പോൾ ചരിത്രം എങ്ങനെഒരു തിയതി നിശ്ചയിക്കും ? എന്നിരുന്നാലും ഇക്കാര്യത്തിൽ സെന്റ് ലൂക്ക് വിവരിക്കുന്ന ദൈവശാസ്ത്രത്തിനാണ് കൂടുതൽ പ്രസക്തി. (സെന്റ് ലൂക്ക് 1:30-38) ".......ഭയപ്പെടേണ്ട, നിനക്ക് ദൈവസന്നിധിയിൽ നിന്ന് കൃപ ലഭിച്ചിരിക്കുന്നു. നിന്നിൽ നിന്ന് ജനിക്കുന്നവൻ പരിശുദ്ധൻ. അവൻ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും." ഇക്കാര്യങ്ങളിൽ വിശദീകരണത്തിലേക്ക് പോകാതെ എന്ത് സംഭവിച്ചു എന്ന് പറയാനാണ് സുവിശേഷകർക്കിഷ്ടം.

സമുദ്രനിരപ്പിൽ നിന്ന് 2704 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ബയാത്ത്ലഹം=ബേത്ലഹേം=House of Bread; ബോവാസ്, ജെസി, ദാവിദ് ഇവരുടെയൊക്കെ ഓർമ്മകൾ ഉറങ്ങുന്ന സ്ഥലം - മതചരിത്രത്തിലെ മഹാസംഭവനത്തിന്റെ രഹസ്യസ്ഥാനം, കന്നുകാലി വിശ്രമകേന്ദ്രമായിരുന്നു. ഇവിടെ യേശുവിന്റെ ജനനത്തിന് പരിഗണിക്കാവുന്ന സമയം - കാലതികവായിരുന്നു - ഇക്കാലത്ത് ഭൂപ്രദേശങ്ങളുടെ അതിർത്തികൾ മാഞ്ഞ് പോയിരിക്കുന്നു. 2000 വർഷം മുമ്പുണ്ടായിരുന്ന മെസോപൊട്ടോമിയ, ഗോഷൻ, കാനൻ പ്രദേശങ്ങൾ, ലബനോൻ, യോർദ്ദാൻ, ഇസ്രായേൽ, വെസ്റ്റ് ബാങ്ക് പ്രദേശങ്ങളായി മാറി, വിശ്വാസം വിശദീകരണങ്ങൾക്ക് മുകളിൽ സ്ഥിതി ചെയ്യുന്നതുകൊണ്ട് "കാലതികവിന്റെ മഹത്വം" അംഗീകരിക്കുക കരണീയം.

നസ്രേത്ത് - ബേത്ലഹേം യാത്രയുടെ അവസാനത്തിലാണ് തിരുപിറവി. ഈ സാഹസയാത്രയുടെ പ്രേരണ, യാത്രക്ക് 10 വർഷം മുമ്പ് ആരംഭിച്ച, റോമൻ സാമ്രാജ്യത്തിലെ ജനസംഖ്യ തിട്ടപ്പെടുത്തുന്ന സെൻസസ്, ഭരണകർത്താക്കളായ കുറേനിയസ്, ഹേരോദ് - ഇവരൊക്കെയായി ബന്ധപ്പെട്ട് കിടക്കുന്നത് ചരിത്രവശം. ഇതിലെ മതഘടകം യിശ്ശായിടെ കുറ്റിയിൽ നിന്ന് പൊട്ടുന്ന മുളയെക്കുറിച്ചുള്ള സക്കറിയ, ശമുവേൽ, മീഖ പ്രവചനങ്ങളാണ്. പിറവി സംബന്ധമായിട്ടുള്ള സംഭവങ്ങളുടെ ആത്മീയതയിൽ ആരും സംശയം പ്രകടിപ്പിക്കുന്നില്ലല്ലോ!

ഒരത്ഭുത നക്ഷത്രമായി ഭൂമിയിൽ പതിക്കാതെ, ഒരാകാശ പേടകം വാഹനമാക്കാതെ, ഒരു പുഷ്പകവിമാനം വാടകക്കെടുക്കാതെ, പരിശുദ്ധാത്മാവിന്റെ നിറവിൽ നസ്രേത്തിലെ കന്യകാമേരിയുടെ ഉദരത്തിൽ കയറികൂടി, ഇന്നും നമ്മെ ആകർഷിക്കുന്ന "മേരിയുടെ ബേബി"യായി ബി.സി.-4-ലെ വൈകിവന്ന മഞ്ഞുകാലരാത്രിയിൽ കാലതികവിനെപ്രതിഷ്ടിച്ച് (ഫിലി: 2:5-7, ഗലത്യ: 4-ാം അദ്ധ്യായം) ജനിക്കുകയായിരുന്നു. മനുഷ്യവർഗ്ഗത്തിന് വ്യത്യസ്ത ദർശിക്കാൻ കഴിയുന്ന അത്ഭുത ജനനം. ഈ വ്യത്യസ്തനായ തച്ചന്റെ മകനെ, ഭൂരിപക്ഷം പേരും സത്യത്തിൽ തിരിച്ചറിഞ്ഞില്ല. അക്കാലത്തെ മത സാമൂഹ്യവ്യവസ്ഥിതിയുടെ തിണ്ണയിലിരുന്ന് തിട്ടപ്പെടുത്തിയാൽ ഏറ്റകുറച്ചിലുകൾ നേർത്ത് വരും. യെറുശലേമിന്റെ രാജകീയതയും - അനേകം

കന്യകമാരുടെ അപേക്ഷയും ചെല് സഹിതം തള്ളി, ആർക്കും അവകാശവാദം ഉന്നയിക്കാൻ അവസരം കൊടുക്കാതെ, കല്ലടാവിന്റെ ഗന്ധത്തിലേക്ക് പിറന്ന്, നമ്മെ നോക്കി കൈകാലിളക്കുമ്പോൾ - ജനനതിയതിക്കായി നാമെന്തിന് വാശിപിടിക്കണം!!

വിശകലനവിധേയമാക്കിയാൽ ഇവിടെ വാശിപിടിക്കുന്നത് ദൈവമാണ്. പൈതൽ സൗഭാഗ്യം ത്യജിക്കുന്ന സ്വഭാവക്കാരനായിരിക്കുന്നമെന്നത് ദൈവത്തിന്റെ പിടിവാശി - നമുക്കിത് ദൈവനിശ്ചയം. ഒരു മെയിഞ്ചർ കൊണ്ട് മാനേജ് ചെയ്യാൻ മേരിയെ ശീലിപ്പിച്ചതും ദൈവമാണ്. സത്രത്തിൽ ഒരു മുറി ജോസഫിന് സൂത്രത്തിൽ ഒപ്പിച്ചെടുക്കാമായിരുന്നു. ഒരു ശിശുജനനത്തിന്റെ സുരക്ഷിത സ്ഥലമായിരുന്നില്ല അക്കാലത്ത് ബേത്‌ലഹേം.

മനുഷ്യന്റെ പാപം വഹിക്കാൻ മനുഷ്യരുടെ കൂട്ടത്തിൽ ജനിക്കാതിരുന്നത് നന്നായി. സമൂഹത്തിന്റെ അഭിമാനകുലങ്ങളെ തേടിപോകാതെ അവിടുന്ന് ആത്യന്തികമായി സംസാരിച്ചത് സമൂഹത്തിൽ 'ശബ്ദമില്ലാത്ത'വരോടാണ്. ശബ്ദമില്ലാത്ത സമൂഹം മൃഗങ്ങളെപ്പോലെ ജീവിക്കുന്നു!

ലോകത്ത് ഒരു പിറവിയുടെ പേരിൽ ഏറ്റവും കൂടുതൽ ആശംസകാർഡുകൾ കൈമാറുന്നത് ക്രിസ്മസ് കാലത്താണ്. എന്നാൽ ആദ്യത്തെ ആശംസ ഗാനം പാടുവാൻ മലാഖമാർ മനുഷ്യരെ തേടിപോയി. കിട്ടിയവരോ - കേവലം കുറെ ആട്ടിയന്മാർ. ആട്ടിടയരുടെ ജീവിതസാഹചര്യത്തിന്റെ പ്രേരണയാണോ - അഭിമാനം, സമൂഹത്തിൽ സ്വാധീനം ഇവ അവർക്കുണ്ടായിരുന്നില്ല. മറ്റുള്ളവരുടെ മേച്ചിൽപുറങ്ങളിൽ അവർ കാലികളെ മേയ്ക്കും. അവരുടെ സാക്ഷ്യത്തിന് കോടതിയിലും വിലയുണ്ടായിരുന്നില്ല. നല്ല ഇടയനുവേണ്ടി സ്വാഗതഗാനം പാടിയ മനുഷ്യരുടെ പ്രതിനിധികൾ സമൂഹം ബഹിഷ്കരിച്ചവരായിരുന്നു. ഈ സംഭവങ്ങൾ ദൈവത്തിന്റെ ഒരു ചോയിസ് ആയി മാത്രം കരുതുന്നത് പിറവിയിലെ ആത്മീയതയാണ്.

ജനിക്കുന്നവരെയൊക്കെ തിരിച്ചറിയുന്നത് ഒരു പേരിലാണല്ലോ. അന്നാട്ടിലെ ഒരു സാധാരണ നാമം സ്വർഗ്ഗത്തിലെ പിതാവ് മാലാഖ വശം പറഞ്ഞുകൊടുത്തു. അസാധാരണ കാര്യനിർവ്വഹണ ദൗത്യം സാധാരണ സമീപനം കൊണ്ട് ദൈവം തിട്ടപ്പെടുത്തി. ജോഷ്വ, യേശു, ക്രിസ്തു പിന്നെ മശിഹയായി. മതചരിത്രത്തിലെ അത്ഭുതനാമങ്ങൾ സ്വന്തമായിരുന്നപ്പോഴും, മഹത്വം മാറ്റിവെച്ച് സ്വയം വിളിക്കാൻ ഇഷ്ടപ്പെട്ട നാമവിശേഷം (സെന്റ് മാത്യു 8:20) മനുഷ്യപുത്രൻ എന്നതായിരുന്നു.

സ്നേഹം നിർബന്ധിച്ചപ്പോൾ സൃഷ്ടി മുതൽ മനുഷ്യനെഒത്തിരി ഒത്തിരി സ്നേഹിച്ചു. സ്നേഹത്തിന്റെ പേരിൽ വലിയ ഡിമാന്റുകളൊന്നും അവിടുന്ന് മനുഷ്യന്റെ മേൽ കെട്ടിവെച്ചില്ല. പിറവി മൂലകാരണമാക്കി, കടമകൾ നിർവ്വഹിക്കാൻ മനുഷ്യന് ബാദ്ധ്യതയുണ്ട്, എന്നൊരു നേരിയ ആവശ്യം മാത്രം മുന്നോട്ട് വെച്ചു. പാപവും മരണവും മനുഷ്യന് പ്രധാനവിഷയമായിരുന്നു. സ്നേഹവും സഹാനുഭൂതിയും ഹൃദയത്തിൽ സൂക്ഷിക്കുന്നവനെ- പാപവും മരണവും കീഴ്പ്പെടുത്തുകയില്ലെന്ന് അവിടുന്ന് പ്രഖ്യാപിച്ചു. ദൈവകരുണയുടെ പാലം സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള സഞ്ചാരം സുഗമമാക്കുമെന്ന് അവിടുന്ന് ഉൽബോധിപ്പിച്ചു. പാപവും മരണവും പരാജയപ്പെടുമ്പോൾ പുതിയ മനുഷ്യൻ ജനിക്കും, പുതിയ സ്വപ്നങ്ങൾ വിടരും. പരാജയത്തിലേക്ക് സ്വപ്നങ്ങൾ വിടരാറില്ലല്ലോ.

പിറവിയുടെ മഹത്വം - ഭൂമിയിൽ നമുക്ക് ഭയപ്പെടാനില്ല എന്ന രഹസ്യമാണ്. ഭ്രാന്തമായി മനുഷ്യനെസ്നേഹിക്കുന്ന ദൈവത്തെ നമുക്ക് തിരിച്ചറിയുവാനുള്ള ക്ഷണമായി പിറവിയുടെ ആഘോഷങ്ങൾ, രൂപപ്പെടുമ്പോൾ ഈ ശിശുവിന് മനുഷ്യഹൃദയത്തിൽ വളരാനാകും.

പൈതൽ കാലിതൊഴുത്തിലൊതുങ്ങിയില്ല. വിശിഷ്ടഭാവങ്ങൾ പ്രകടിപ്പിച്ച് വളർന്നു. നാട്ടുകാർ കുറ്റം കണ്ട നസ്രേത്തിലെ വളർച്ചയിൽ കാലം കുറ്റമൊന്നും ആരോപിച്ചില്ല. Love changes every thing എന്ന് മതത്തെ പഠിപ്പിക്കുവാൻ യേശുവിന് സാധിച്ചു. യഹൂദ മത സംസ്ക്കാരത്തിന്റെ ഇടുങ്ങിയ പാതകളിൽ അക്രമം, ബലപ്രയോഗം ഇവയ്ക്കൊന്നും മുതിരാതെ - പഴയനിയമങ്ങളിൽ ചവിട്ട് തല ഉയർത്തി നിന്നു. സ്വന്തം ജനത അതുകൊണ്ടാവണം ശിരസ്സിൽ മുൾകിരീടം ചാർത്തികൊടുത്തതും. ഉയർന്നു നില്ക്കുന്ന ശിരസ്സുകൾ മുൾകിരീടം കൂടി സ്വീകരിക്കണമെന്നത് ജീവിതനിയതിയാണോ?

കുറ്റമറ്റ പൊതുജീവിതം, ബദൽ വെയ്ക്കാനില്ലാത്ത പഠിപ്പിക്കലുകൾ, നസ്രേത്തിലെ യേശു മാതൃക മനുഷ്യസമൂഹത്തിന്റെ പൂർണ്ണമനുഷ്യനായി. വിശക്കുന്നവരെ വെറും വയറോടെ പറഞ്ഞയക്കാൻ അവിടുന്ന് വിമുഖത കാട്ടി. വിശപ്പ് സഹിക്കവയ്യാതെ ഒട്ടകത്തിന്റെ മലദ്വാരത്തിലേക്ക് വായ് അടുപ്പിച്ച ആഫ്രിക്കൻ ബാലന്റെ ചിത്രം കഴിഞ്ഞ കാലത്ത് യു.എൻ - പ്രസിദ്ധീകരണത്തിൽ സ്ഥാനം പിടിച്ചിരുന്നു. സമകാലിനലോകത്തിന്റെ ജീവിതയഥാർത്ഥങ്ങളോടൊപ്പം ഈ പിറവിയെ നമുക്ക് കാണുവാൻ സാധിക്കുമോ ? അൾത്താരയിലെ മണികിലുക്കങ്ങളോടൊപ്പം മനുഷ്യന്റെ ഹൃദയസ്പന്ദനങ്ങളും നമുക്ക് തിരിച്ചറിയാൻ കഴിയുമോ ? ജീവന്റെ അപ്പം ജനിച്ച സന്തോഷം പങ്കിടുമ്പോൾ - നാം ആരുടെ കൂടെയാണ്. പിറവിയുടെ അനുസ്മരണത്തിൽ ഈ ഭൂമിയിൽ നാം ആരുടെ കൂടെയാണ്. പിറവിയുടെ ഓർമ്മയിൽ ആരാണ് നൊമ്പരപ്പെടുന്നത്. ഈ പിറവിയുടെ ആഘോഷത്തിലെങ്കിലും നമുക്കവന്റെ സ്പെഷ്യൽ ഡി.എൻ.എ. തിരിച്ചറിയാൻ കഴിയുമോ. അവസരങ്ങൾ മനുഷ്യന് തരുന്നതാണ് യഥാർത്ഥ ദൈവം. ഇതാ നമ്മുടെ മുന്നിൽ 2012 - അനുസ്മരണ പിറവികൾ. നിന്ദിതന്റെ, ദുഃഖിതന്റെ, പീഡിതന്റെ, കാണതപോയവരെ അന്വേഷിച്ചിറങ്ങിയ മനുഷ്യപുത്രന്റെ അടുത്ത പിറവിയുടെ നിലാവെളിച്ചത്തിൽ ആരൊക്കെ - യേശു പൈതലിനെകാണും. യേശുവിന്റെ സ്നേഹസമീപനം പഠിച്ച Amy Carmichael തിരുപിറവിക്ക് ഇപ്രകാരം ഒരു കുറിപ്പ് എഴുതി. "You can give without loving - but you cannot love without giving" ഇതായിരുന്നു കാലിതൊഴുത്തിലെ ഇമ്മാനുവേൽ. സ്നേഹത്തിന്റെ കൂലി മരണമായി സ്വീകരിച്ച് മരണം അതിജീവിച്ച യേശു എന്നും നമ്മുടെ മനസ്സിൽ ജനിക്കട്ടെ നമുക്കും പാടാം ഒരു കരോൾ ഗാനം !!!

ആശംസിക്കാം പരസ്പരം ക്രിസ്മസ് പുതുവത്സര സന്തോഷം